പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2942      17.10.2016 -ൽ മറുപടിക്ക്.

## റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.പി.കെ. ശശി**<br>**ശ്രീ.കെ. ആൻസലൻ**<br>**ശ്രീ.എം. നൗഷാദ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

| | | | |
| --- | --- | --- | --- |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് റേഷൻ സാധനങ്ങളുടെ പൂഴ്ത്തിവെയ്പും കരിഞ്ചന്തയും വ്യാപകമായി നടത്തിയിരുന്നത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) & (ബി) | റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ നടത്തി വരികയും കുറ്റക്കാർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. ആയത് അനുസരിച്ചുള്ള 'എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ' നടപ്പിലാക്കുന്നതോടു കൂടി പൊതു വിതരണ ശൃംഖല അഴിമതി രഹിതവും കൂടുതൽ സുതാര്യവുമായി തീരുന്നതാണ്. |
| (ബി) | റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പും മായം ചേർക്കലും തടയുന്നതിനായി എന്തെല്ലാം മുൻകരുതലും ഇടപെടലുമാണ് നടത്താനുദ്ദേശിക്കുന്നത്; | | |
| (സി) | ഉപഭോക്താക്കൾക്ക് നിശ്ചിത അളവിലും വിലയിലും ഗുണമേന്മയിലും കൃത്യമായും റേഷൻ വിതരണം ഉറപ്പു വരുത്തുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി) | പൊതു വിതരണ കേന്ദ്രങ്ങളിൽ വിലവിവര പട്ടിക, വിതരണ തോത്, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണുന്ന വിധം പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇത് ലംഘിക്കുന്നവർക്കെതിരെ 1966 ലെ കെ.ആർ.ഒ പ്രകാരവും, 1968 ലെ കെ.കെ.സി ഉത്തരവ് പ്രകാരവും ശക്തമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. എഫ്.സി.ഐ യിൽ നിന്നും വിട്ടെടുക്കുന്ന അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് എ.ഡബ്ല്യു.ഡി കൾ വിട്ടെടുക്കുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. സാമ്പിൾ പാക്കറ്റ് പ്രദർശിപ്പിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ